# STD V SOCIAL SCIENCE - JOPHY'S CLASSES

## പാഠം-3 തൊഴിൽ വൈവിധ്യങ്ങൾ

**1.നിങ്ങളുടെ വീട്ടിലെ മുതിർന്നവർ ചെയ്യുന്ന ജോലിക്ക് പകരമായി എന്താണ് ലഭിക്കുന്നത് ?**

- പ്രതിഫലം

**2.വരുമാനം എന്നാൽ എന്ത്?**

- വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ ഭാഗമായി ഒരു വ്യക്തിക്ക് നിശ്ചിത കാലയളവിൽ ലഭിക്കുന്ന പണമാണ് വരുമാനം.

**3.തൊഴിൽ എന്നാൽ എന്ത്?**

- വരുമാനത്തിനായി ഒരു വ്യക്തി കായികമായോ ബൗദ്ധികമായോ ചെയ്യുന്ന പ്രവർത്തനമാണ് തൊഴിൽ.

**4.വരുമാന സ്രോതസ്സുകൾ എന്നാൽ എന്ത്?**

- വരുമാനം ലഭിക്കുന്ന അധ്വാനമോ വസ്തുവകകളോ ആണ് വരുമാന സ്രോതസ്സുകൾ

**5.വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം പട്ടികപ്പെടുത്തുക ?**

| വരുമാന സ്രോതസ്സുകൾ | വരുമാനം |
|---|---|
| കൃഷി | വിള |
| തൊഴിൽ | കൂലി / ശമ്പളം |
| ബിസിനസ് | ലാഭം |
| ബാങ്ക് നിക്ഷേപം | പലിശ |
| ആസ്തികൾ | വാടക /പാട്ടം |
| ഓഹരി നിക്ഷേപങ്ങൾ | ലാഭവിഹിതം |

**6.വ്യക്തിഗതവരുമാനം എന്നാൽ എന്ത്?**

- ഒരു വ്യക്തിക്ക് വിവിധ വരുമാന സ്രോതസ്സുകളിൽ നിന്ന് ഒരു നിശ്ചിത കാലയളവിൽ ലഭിക്കുന്ന ആകെ വരുമാനമാണ് വ്യക്തിഗതവരുമാനം.

**7.കുടുംബ വരുമാനം എന്നാൽ എന്ത്?**

- ഒരു കുടുംബത്തിലെ അംഗങ്ങൾക്കെല്ലാം കൂടി ഒരു നിശ്ചിത കാലയളവിൽ ലഭിക്കുന്ന ആകെ വരുമാനമാണ് കുടുംബവരുമാനം

**8.കാർഷിക തൊഴിലുകൾ എന്നതിനാൽ അർത്ഥമാക്കുന്നതെന്ത്?**

- പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തി ഭക്ഷ്യവസ്തുക്കളുടെയും നാരുകളുടെയും ഉൽപാദനത്തിനായി സസ്യങ്ങൾ വളർത്തുന്നത്, കന്നുകാലി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവ കാർഷിക തൊഴിലുകളാണ്

JOPHY VOICE

**9.കാർഷികേതര തൊഴിലുകൾ എന്നതിനാൽ അർത്ഥമാക്കുന്നതെന്ത്?**

●കാർഷിക തൊഴിലുകളിൽ ഉൾപ്പെടാത്ത എല്ലാവിധ തൊഴിലുകളും കാർഷികേതര തൊഴിലുകളാണ്. വ്യവസായികാടിസ്ഥാനത്തിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലുകളും വിവിധതരം സേവനങ്ങളും കാർഷികേതര തൊഴിലുകളാണ്. ഉദാ: വസ്ത്രനിർമ്മാണം, കെട്ടിടനിർമ്മാണം, ബിസിനസ്, ബാങ്കിങ്, അധ്യാപനം, ഗതാഗതം, ഫാക്ടറി തൊഴിലുകൾ.

**10.സ്വയം തൊഴിൽ എന്നാൽ എന്ത്?**

●ഏതെങ്കിലും തൊഴിലുടമയുടെ നിയന്ത്രണത്തിലല്ലാതെ സ്വതന്ത്ര സാമ്പത്തിക പ്രവർത്തനത്തിലൂടെ ഉപജീവനം നടത്തുന്നതിനെയാണ് സ്വയം തൊഴിൽ എന്ന് പറയുന്നത്.

**11.സ്വയം തൊഴിലുകളുടെ പ്രത്യേകതകൾ എന്തെല്ലാം?**

●സംരംഭത്തിന്റെ ഉടമസ്ഥതയും,തൊഴിലാളിയുടെ എല്ലാ ഉത്തരവാദിത്വവും ഒരാൾ തന്നെ നിർവഹിക്കുന്നു. കുടുതലും ഒറ്റയ്ക്കാണ് സംരംഭം കൈകാര്യം ചെയ്യുന്നത്. ഒരു പ്രദേശത്ത് ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്ന പലചരക്ക് കടകൾ, തുന്നൽ കടകൾ, പലഹാരക്കടകൾ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഉദാഹരണങ്ങളാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ വളരെ പങ്കു വഹിക്കുന്നു.

**12.സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും അതിന്റെ ഗുണഭോക്താക്കളെയും പട്ടികപ്പെടുത്തുക ?**

| സ്വയം തൊഴിൽ പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|
| നവജീവൻ പദ്ധതി | മുതിർന്ന പൗരർ |
| കൈവല്യ | ഭിന്നശേഷിക്കാർ |
| ശരണ്യ | വനിതകൾ |

**13.ജീവിത വിജയം എങ്ങനെ കൈവരിക്കാം ?**

●അധ്വാനിക്കാനുള്ള മനസ്സും ആത്മവിശ്വാസവും ഉണ്ടെങ്കിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിത വിജയം കൈവരിക്കാം.

**14.ഒരു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് - ?**

●തൊഴിലുകൾ

**15.എങ്ങനെയുള്ള തൊഴിലുകളാണ് തിരഞ്ഞെടുക്കേണ്ടത് ?**

●വിദ്യാഭ്യാസത്തിനും അഭിരുചിക്കും അനുസരിച്ച് ഇഷ്ടമുള്ള തൊഴിലുകളാണ് തിരഞ്ഞെടുക്കേണ്ടത്.

JOPHY LIJOICE